**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1283** 11/06/2019 ലെ മറുപടി

**പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ അദ്ധ്യയന വർഷം എത്ര കുട്ടികൾ പുതിയതായി അഡ്മിഷൻ എടുത്തിട്ടുണ്ട്;ഓരോ റവന്യൂ ജില്ലകളിലെയും കുട്ടികളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ; | (എ) 2019-20 അദ്ധ്യയനവർഷത്തെ ആറാം പ്രവൃത്തിദിനം അടിസ്ഥാനമാക്കിയുള്ള വിവരശേഖരണം ജൂൺ 13 ന മാത്രമേ പൂർത്തിയാകൂ. അതിനു ശേഷം മാത്രമേ എത്ര കുട്ടികൾ പുതിയതായി പ്രവേശനം നേടിയിട്ടുണ്ടെന്ന റവന്യൂ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേന സ്കൂളുകളിൽ അടിസ്ഥാന പഠനസൗകര്യങ്ങൾ വർദ്ധിച്ചതും അക്കാദമിക് നിലവാരം ഉയർന്നതുമാണ് കുട്ടികളെയും രക്ഷിതാക്കളെയും വലിയതോതിൽ പൊതു വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുവാൻ കാരണം എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കുട്ടികൾ കൂടുന്നത് എന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖേന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചതും അക്കാദമിക് നിലവാരം ഉയർന്നതും ക്ലാസ്സ് മുറികൾ ഹൈടെക് ആക്കിയതും കുട്ടികളെയും രക്ഷിതാക്കളെയും വലിയതോതിൽ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ